മത്സ്യബന്ധനത്തിനു പോയി അപകടമോ അപകടമരണമോ സംഭവിച്ചാൽ ഇൻഷ്വറൻസ് ക്ലെയിം നൽകുന്നതിന് നടപടി

20 (*347) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിന് പോകുന്ന എൻജിൻ വച്ചതോ വയ്ക്കാത്തതോ ആയ വഞ്ചികൾ വള്ളങ്ങൾ, കട്ടമരങ്ങൾ, ബോട്ടുകൾ എന്നിവ രജിസ്റ്റർ ചെയ്യുന്നുണ്ടോ ;

(ബി) രജിസ്റ്റർ ചെയ്യാത്ത ഉരുക്കളിൽ മത്സ്യബന്ധനത്തിന് പോയി അപകടമോ അപകട മരണമോ സംഭവിച്ചാൽ ഇൻഷ്വറൻസ് ക്ലെയിം നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) രജിസ്റ്റർ ചെയ്യാത്ത മത്സ്യബന്ധന ഉരുക്കളിൽ മത്സ്യബന്ധനത്തിന് പോകുമ്പോൾ അപകടമരണമുണ്ടാകുന്ന സാഹചര്യത്തിൽ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുകയില്ല എന്നതിനാൽ എല്ലാ മത്സ്യബന്ധന ഉരുക്കളും രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) എഞ്ചിൻ വച്ചതും വയ്ക്കാത്തതുമായ എല്ലാ മത്സ്യബന്ധന യാനങ്ങളും ഫിഷറീസ് വകുപ്പ്, കെ. എം. എഫ്. ആർ. ആക്ട് പ്രകാരം ഇപ്പോൾ രജിസ്റ്റർ ചെയ്യാൻ നിയമമുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഇപ്പോൾ പ്രത്യേക പരിഗണനയിൽ ഇൻഷ്വറൻസ് ക്ലെയിം നൽകുന്നുണ്ടെങ്കിലും ഇത് ഒരു സ്ഥിരം സംവിധാനമാക്കാൻ ആവില്ല. അതിനാൽ എല്ലാത്തരം മത്സ്യബന്ധനയാനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന നിയമം കർശനമായി നടപ്പാക്കുന്നതാണ്.

ഡാമുകളുടെ സുരക്ഷിതത്വം

21 (*348) ശ്രീ. പി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളോടനുബന്ധിച്ചുള്ള ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡാമുകളുടെയും റിസർവോയറുകളുടെയും സുരക്ഷിത പ്രദേശങ്ങളിൽ അനധികൃത പ്രവേശനം നിയന്ത്രിക്കുന്നുണ്ടോ ;

(സി) സുരക്ഷിതത്വ നടപടികൾ നിർവ്വഹിക്കുവാൻ പറ്റാത്ത അവസ്ഥ ഇപ്പോൾ സംസ്ഥാനത്ത് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എവിടെ ;

(ഡി) പദ്ധതി പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ഫലപ്രദമായ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് എന്തെങ്കിലും വീഴ്ച വരുത്തിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) പ്രധാന ഡാമുകളുടെയെല്ലാം സുരക്ഷിതത്വത്തിന് കേരള പോലീസ് സായുധസേനയെ നിയോഗിച്ചിട്ടുണ്ട്. മറ്റ് ഡാമുകളുടെ സുരക്ഷിതത്വ ചുമതല വിമുക്തഭടന്മാരുടെ ഏജൻസിക്കും നൽകിയിട്ടുണ്ട്.

(ബി) ബോർഡിന്റെ അധീനതയിലുള്ള എല്ലാ ഡാമുകളുടെയും സുരക്ഷിത പ്രദേശങ്ങളിൽ അനധികൃത പ്രവേശനം നിയന്ത്രിക്കുന്നുണ്ട്.

(സി) ഉണ്ട്. ഇടുക്കി പദ്ധതിയുടെ റിസർവോയർ പ്രദേശത്ത് അയ്യപ്പൻകോവിൽ എന്ന സ്ഥലത്ത് വി. എച്ച്.പി. പ്രവർത്തകർ അനധികൃതമായി അമ്പലം പണിയുന്ന സ്ഥലത്തും, അതിനോടനുബന്ധിച്ച പ്രദേശത്തും, മൂന്നാറിലും, വെള്ളത്തൂവലിലും പഞ്ചായത്ത് കയ്യേറിയ സ്ഥലങ്ങളിലും സുരക്ഷിതത്വ നടപടികൾ നിർവ്വഹിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

(ഡി) ഇടുക്കി പദ്ധതി പ്രദേശത്തെ അനധികൃത കയ്യേറ്റം ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ മൂന്നാറിലേയും വെള്ളത്തൂവലിലേയും കയ്യേറ്റങ്ങൾ ജില്ലാ കളക്ടറുടേയും പോലീസ് അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

ആണവ നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച സർക്കാർ നയം

22 (*349) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂക്ലിയർ വൈദ്യുതി ഉൽപ്പാദനകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നയം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) ആണവനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ സമർപ്പിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly